**പതിമൂന്നാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 31 — 10/03/2015-ൽ മറുപടിക്ക്

**നവജാത ശിശുക്കളുടെ മരണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. മാത്യു. റ്റി. തോമസ് :<br>ശ്രീമതി. ജമീല പ്രകാശം :<br>ശ്രീ. സി.കെ. നാണു : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | നവജാത ശിശുക്കളുടെ മരണം തുടരെ ഉണ്ടായികൊണ്ടിരിക്കുന്ന അട്ടപ്പാടിയിൽ കാര്യങ്ങൾ നേരിട്ട് നിരീക്ഷിക്കാനും പ്രതിവിധി നടപടികൾ നിർദ്ദേശിക്കാനുമായി ശ്രീ. എസ്.എം. വിജയാനന്ദ്. ഐ.എ.എസ്സ്-ന്റെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നോ? | (എ) യും (ബി) യും | അട്ടപ്പാടിയിൽ നവജാത ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നിരീക്ഷിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുമായി മുൻ കേന്ദ്ര മന്ത്രി ശ്രീ. ജയറാം രമേശിന്റെ നിർദ്ദേശാനുസരണം കേന്ദ്ര ഗ്രാമവികസന വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദിനെ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തി. |
| (ബി) | എങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ; | | |
| (സി) | ആ കമ്മിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ; | (സി) | ഇപ്പോൾ നിലവിലില്ല. |
| (ഡി) | ഇതു സംബന്ധിച്ച് എസ്.എം. വിജയാനന്ദ് .ഐ.എ.എസ്സ് കേന്ദ്ര സർക്കാരിനോ, സംസ്ഥാന സർക്കാരിനോ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ഡി) | സംസ്ഥാന സർക്കാരിന് ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**